പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2614 — 19.03. 2015 ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ഓരോ വർഷവും എത്തിച്ചേരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധനവ് സംസ്ഥാനത്തിന്റെ സാമ്പത്തിക ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) പ്രസ്തുത വിഷയം പഠനവിധേയമാക്കിയിട്ടില്ല. |
| (ബി) ഇവരുടെ താമസം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിത സൗകര്യം, പാർപ്പിടം, ക്ഷേമം, ആരോഗ്യം തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി തൊഴിൽവകുപ്പിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. അന്യസംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗവും പണിയെടുക്കുന്ന നിർമ്മാണ മേഖലയിൽ 2014 ൽ വർഷം ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ നിയമപ്രകാരം 475 ഇൻസ്പെക്ഷൻ നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ 40 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും 53 സ്റ്റോപ്പ് മെമ്മോയും സ്ഥാപനങ്ങൾക്കെതിരെ നൽകുകയും ചെയ്തിട്ടുണ്ട്. 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് നിയമപ്രകാരം തൊഴിലാളികൾക്ക് വിശ്രമമുറിയും ബാരക്ക്/ ക്വാർട്ടേഴ്സ് എന്നിവ 10 തൊഴിലാളികൾക്ക് ഒന്ന് എന്ന നിരക്കിൽ കരാറുകാരനോ/ തൊഴിലുടമയോ നിർബന്ധമായും നൽകേണ്ടതാണ് എന്ന് അനുശാസിക്കുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ.